"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം - ജീവനക്കാര്യം - ശ്രീ. മനീഷ്. എം.എസ്.-ന്റെ (ഓഫീസ് അറ്റൻഡന്റ്, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, തലശ്ശേരി) - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1243/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/06/2020

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ

2) 26.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin നം. സർക്കാർ ഉത്തരവ്

3) 04.07.2019 തീയതിയിലെ സ.ഉ(സാധാ) നം.1368/2019/തസ്വഭവ

4) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ 17/03/2020ലെ 76/A1/TLSGIs/2020 നം. കത്ത്

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റായി പരാമർശം (3) ഉത്തരവ് പ്രകാരം അന്യത്രസേവനമനുഷ്ഠിച്ച് വരുന്ന തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. മനീഷ്. എം.എസ്.-ന്റെ അന്യത്രസേവന കാലാവധി 14/06/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. മനീഷ്. എം.എസ്.-ന്റെ (ഓഫീസ് അറ്റൻഡന്റ്, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, തലശ്ശേരി) തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 14/06/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, തിരുവനന്തപുരം

ശ്രീ. മനീഷ്. എം.എസ്.(രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി മുഖാന്തിരം)

രജിസ്ട്രാർ, സബോർഡിനേറ്റ് ജുഡീഷ്യറി, കേരള ഹൈക്കോടതി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്./എൽ.ബി.എ.) , കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ